REGISTERED WITH AD

'ഭരണഭാഷ - മാതൃഭാഷ'

നം- ഇ3-5650/2010/ജി.കാ.

ജില്ലാ മൃഗസംരക്ഷണ ഓഫീസ്, ക്ളബ്ബ് റോഡ്,
എറണാകുളം- 682 011, ഫോൺ/ഫാക്സ് നം: 2360648
ഇ.മെയിൽ, dahoekm@kerala.nic.in
തിയതി;- 17-04-2015

## കാരണം കാണിക്കൽ നോട്ടീസ്

എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസിനു കീഴിലുള്ള വെണ്ടുവഴി വെറ്ററിനറി ഉപകേന്ദ്രത്തിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറായ താങ്കൾ, ശ്രീ. പി. എസ്. മുഹമ്മദാലി 30.04.2010 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകുന്നില്ലയെന്ന് താങ്കളുടെ മേലാധികാരിയായ അടിമാലി ആർ.എ.ഐ.സി. അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ 06.05.10-ൽ നടത്തിയ അന്വേഷണത്തെ തുടർന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ വെണ്ടുവഴി വെറ്ററിനറി സബ്സെന്റർ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി രാജി സി.സി. യും താങ്കളും ഒരാഴ്ചയായി ഉപകേന്ദ്രത്തിൽ വരുന്നില്ലെന്നും രണ്ടുപേരുടെയും അവധി അപേക്ഷകൾ ഉപകേന്ദ്രത്തിലോ ആർ.എ.ഐ.സി. -യിലോ സമർപ്പിച്ചിട്ടില്ല എന്നും അറിയിക്കുകയുണ്ടായി.

താങ്കളുടെ അനധികൃതമായ ഹാജരില്ലായ്മക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് താങ്കളുടെ ലഭ്യമായ മേൽ വിലാസത്തിൽ രജിസ്റ്റേഡ് കത്ത് അയച്ചിരുന്നെങ്കിലും ആയത് മേൽവിലാസക്കാരൻ സ്ഥലത്തില്ലെന്ന കാരണത്താൽ തപാൽ വകുപ്പിൽ നിന്നും തിരികെ ലഭിക്കുകയും തുടർന്ന് എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്.) ഡോ. ഈനാസ് അഗസ്റ്റിനെ ഈ വിഷയത്തിൽ പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തു. 19.11.2010-ൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ താങ്കൾ അന്വേഷണത്തിന് ഹാജരാകുകയോ മൊഴി നൽകുകയോ ചെയ്തിട്ടില്ലെന്നും താങ്കളെക്കുറിച്ച് യാതൊരു വിവരവും ഇല്ലെന്നും അറിയിച്ചിട്ടുണ്ട്.

പിന്നീട്, താങ്കൾ ചില കുടുംബപ്രശ്നങ്ങൾ കാരണം മാറി നിൽക്കേണ്ടി വന്നതിനാലാണ് ആഫീസിൽ ഹാജരാകാതിരുന്നതെന്നും താങ്കൾ വെണ്ടുവഴി ഉപകേന്ദ്രത്തിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി രാജി സി.സി.യുമായി വിവാഹിതരായി ഒരുമിച്ചു താമസിക്കുകയാണെന്നും ജോലിയിൽ പ്രവേശിക്കുവാൻ അനുവദിക്കണമെന്നും അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 09.12.10-ൽ ആവശ്യമായ രേഖകൾ സഹിതം ഹാജരാകുവാൻ ആവശ്യപ്പെട്ട് താങ്കൾക്ക് നിർദ്ദേശം നൽകി. എന്നാൽ രേഖകൾ ഹാജരാക്കുന്നതിനോ കാരണം ബോധിപ്പിക്കുവാനോ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ കത്തുകൾ മുഖേനെ നിരവധി ഓർമ്മപ്പെടുത്തൽ നടത്തിയെങ്കിലും താങ്കളുടെ ഭാഗത്തുനിന്നും ഒരു പ്രതികരണവും ഇല്ലാതിരുന്ന സാഹചര്യത്തിൽ 07.06.11-ൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർ ചാർജ്ജ്മെമ്മോ താങ്കളുടെ ലഭ്യമായ മേൽവിലാസത്തിൽ രജിസ്റ്റേഡ് തപാലിൽ അയച്ചുവെങ്കിലും ആയത് വിലാസക്കാരൻ ഇല്ലെന്ന കാരണത്താൽ തപാൽ വകുപ്പിൽ നിന്നും തിരികെ ലഭിച്ചതിനെ തുടർന്ന് പ്രസ്തുത ചാർജ്ജ് മെമ്മോ പ്രമുഖ ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

(തുടർച്ച...2.)

താങ്കളുടെ പക്കൽ നിന്നും യാതൊരു അറിയിപ്പുകളും ലഭിക്കാതിരുന്നതിനെ തുടർന്ന് 24.09.12 -ലെ കത്തു പ്രകാരം ഈ ഓഫീസിൽ നിന്നും എറണാകുളം ജില്ലാ പി.എസ്.സി. ഓഫീസറെ വിവരങ്ങൾ അറിയിക്കുകയുണ്ടായി. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം 1960-ലെ കെ.സി.എസ്. (സിസിഎ.) ചട്ടം (15) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിന് എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്) ഡോ. പി. എ. ബഷീറിനെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത അന്വേഷണം വെണ്ടുവഴി വെറ്ററിനറി ഉപകേന്ദ്രത്തിൽ വച്ച് 10.06.14- ന് നടത്തുന്നതിന് വിവരമറിയിച്ചുകൊണ്ട് ഈ ഓഫീസിലെ 13.05.14-ലെ ഇ3-5650/2010/ജി.കാ. നമ്പർ നോട്ടീസുപ്രകാരം താങ്കളുടെ ലഭ്യമായ മേൽവിലാസത്തിൽ അറിയിച്ചിരുന്നുവെങ്കിലും ആയത് കൈപ്പറ്റാതെ തപാൽ വകുപ്പിൽ നിന്നും തിരികെ ലഭിക്കുകയുണ്ടായി. 10.06.14-ന് ഔപചാരിക അന്വേഷണം നടത്തിയെങ്കിലും താങ്കൾ അന്വേഷണത്തിന് ഹാജരായില്ല. തുടർന്ന് 15.07.14-ന് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ താങ്കളെക്കുറിച്ച് യാതൊരു വിവരങ്ങളും ലഭ്യമല്ലെന്നും നാളിതുവരെയായിട്ടും ജോലിക്ക് ഹാജരാകുകയോ അവധി അപേക്ഷ നൽകുകയോ ചെയ്തിട്ടില്ലെന്നും അച്ചടക്ക നടപടികൾ പൂർത്തീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറ്കടറുടെ 29.12.14-ലെ എക്സ്2-29036/14/വിജിലൻസ് നമ്പർ കത്ത് പ്രകാരം താങ്കൾക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

താങ്കൾ ശ്രീ. പി.എസ്. മുഹമ്മദാലി, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നത് സർക്കാർ ജീവനക്കാരന്റെ പെരുമാറ്റ ചട്ട ലംഘനവും മേലുദ്യോഗസ്ഥരെ ധിക്കരിക്കലുമാണ്. കൂടാതെ ആഫീസിന്റെയും വകുപ്പിന്റെയും സൽപ്പേരിന് കളങ്കം ചാർത്തുന്നവിധത്തിലുള്ള താങ്കളുടെ നടപടികൾക്ക് താങ്കൾ കഠിന ശിക്ഷ അർഹിക്കുന്നു. താങ്കളുടെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ അനധികൃതമായി ജോലിക്ക് ഹാജരാകാത്ത താങ്കൾ, ശ്രീ. പി.എസ്. മുഹമ്മദാലി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറെ ,KS&SSR Part II ചട്ടം19a(ii) പ്രകാരം പ്രൊബേഷൻ ടെർമിനേറ്റ് ചെയ്ത് സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയെന്ന ശിക്ഷ നൽകുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. താൽക്കാലികമായി തീരുമാനിച്ചിട്ടുള്ള ടി ശിക്ഷക്കെതിരെ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ അയച്ചു തരേണ്ടതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കൾക്കെതിരെയുള്ള താൽക്കാലിക തീരുമാനം മറ്റൊരറിയിപ്പില്ലാതെ സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതായിരിക്കും.

ഡോ. പോൾ ടി കുന്നത്ത്
ജില്ലാ മൃഗസംരക്ഷണ ഓഫീസർ

S.18/03